ടി.കെ ഉബൈദ്



# 1135

# സൂറ – 39 / അസ്സുമർ

**സൂക്തം: 34 – 38**

പ്രവാചകൻ പ്രബോധനം ചെയ്യുന്ന ദൈവിക സന്ദേശങ്ങൾ തള്ളിക്കളഞ്ഞ് പൈശാചിക ദുർബോധനങ്ങൾ പിന്തുടരാൻ തീരുമാനിച്ചവർ പൈശാചിക മാർഗത്തിൽ സഞ്ചരിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. ആ വിധി ബാധകമായവരുടെ ജൽപനങ്ങളായേ ഇക്കൂട്ടരുടെ ഭീഷണിയെ കാണേണ്ടതുള്ളൂ. അത്തരക്കാരെ പ്രവാചകനെന്നല്ല ആർക്കും നേർവഴിക്കു നയിക്കാനാവില്ല. പൈശാചിക പ്രേരണകൾ അവഗണിച്ച് സദ്ബോധത്താൽ പ്രചോദിതരായി സത്യമന്വേഷിക്കുന്നവരേ പ്രവാചക സന്ദേശത്തിന്റെ സത്യം മനസ്സിലാക്കുകയും സന്മാർഗം സ്വീകരിക്കുകയുമുള്ളൂ. അവരാണ് അല്ലാഹുവിന്റെ മാർഗദർശനം സിദ്ധിച്ചവർ.

لَهُم مَّا يَشَآءُونَ عِندَ رَبِّهِمْۚ ذَٰلِكَ جَزَآءُ ٱلْمُحْسِنِينَ ﴿٣٤﴾

34. അവരിച്ഛിക്കുന്നതൊക്കെയും അവരുടെ വിധാതാവിങ്കൽ ലഭിക്കുന്നു. അതത്രെ സുകൃതർക്കുള്ള പാരത്രിക സമ്മാനം.

لِيُكَفِّرَ ٱللَّهُ عَنْهُمْ أَسْوَأَ ٱلَّذِى عَمِلُوا۟ وَيَجْزِيَهُمْ
أَجْرَهُم بِأَحْسَنِ ٱلَّذِى كَانُوا۟ يَعْمَلُونَ ﴿٣٥﴾

35. ആ സുകൃതികൾ ചെയ്ത ദോഷകർമങ്ങൾ അവരിൽനിന്ന് മായ്ച്ചുകളയുന്നതിനും അവർ ചെയ്തിരുന്ന ശ്രേഷ്ഠകർമങ്ങൾക്ക് അർഹിക്കുന്ന കർമഫലം സമ്മാനിക്കുന്നതിനുമുള്ളതത്രെ ഈ സംവിധാനം.

**34,35**

لَهُم مَّا يَشَاءُونَ = അവരുദ്ദേശിക്കുന്നത് അവർക്കുണ്ട് (അവരിച്ഛിക്കുന്നതൊക്കെയും അവർക്കു ലഭിക്കുന്നു)

عِندَ رَبِّهِمْ = അവരുടെ വിധാതാവിങ്കൽ ذَٰلِكَ = അതത്രെ

جَزَاءُ الْمُحْسِنِينَ = നല്ലതു ചെയ്യുന്നവരുടെ (സുകൃതർക്കുള്ള പാരത്രിക) സമ്മാനം

لِيُكَفِّرَ اللَّهُ عَنْهُمْ = അല്ലാഹു അവരിൽനിന്ന് മായ്ച്ചുകളയുന്നതിനു(നും) أَسْوَأَ الَّذِي عَمِلُوا = അവർ ചെയ്ത ദോഷകർമങ്ങളെ

وَيَجْزِيَهُمْ = അവർക്കു സമ്മാനിക്കുന്നതിനുമുള്ളതത്രെ (ഈ സംവിധാനം)

أَجْرَهُم = അവരുടെ വേതനം (അവരർഹിക്കുന്ന കർമഫലം)

بِأَحْسَنِ الَّذِي كَانُوا يَعْمَلُونَ = അവർ ചെയ്തിരുന്ന ശ്രേഷ്ഠകർമങ്ങൾ(ക്ക്) കൊണ്ട്

പരലോകത്തെയും വിചാരണയെയും കുറിച്ച് പറയുമ്പോൾ ഖുർആൻ പല സന്ദർഭങ്ങളിലും അങ്ങനെയൊരു സംവിധാനം ഏർപ്പെടുത്തിയതിന്റെ ലക്ഷ്യം അനുസ്മരിക്കാറുണ്ട്. അത്തരം ഒരനുസ്മരണമാണിതും. സജ്ജനങ്ങളെ രക്ഷിക്കാനും ദുർജനങ്ങളെ ശിക്ഷിക്കാനും എന്ന് മൊത്തത്തിൽ പറയുകയല്ല ഇവിടെ ചെയ്യുന്നത്. സത്യവിശ്വാസത്തിന്റെയും സൽക്കർമങ്ങളുടെയും പാത സ്വീകരിച്ചവർക്ക് ഒരു സവിശേഷ സുവിശേഷം നൽകിയിരിക്കുകയാണ്. സൽക്കർമ

ങ്ങൾക്കുള്ള സമ്മാനം പരാമർശിക്കുന്നതിനു മുമ്പ്, അവർ ചെയ്ത കർമങ്ങളുടെ മോശപ്പെട്ട വശങ്ങളൊക്കെ അവരിൽ നിന്ന് തൂത്തുകളയുമെന്നാണ് പറയുന്നത്. كَفَّرَ-യുടെ സാമാന്യ അർഥം പൊറുത്തുകൊടുക്കുക എന്നാണെങ്കിലും ആ പദത്തിന്റെ ഭാഷാർഥം മറച്ചു, മായ്ച്ചു എന്നാണ്. അവരുടെ കർമങ്ങളിലുണ്ടായ വീഴ്ചകളും അതുണ്ടാക്കിയ മോശമായ അനന്തര ഫലങ്ങളും അവരുടെ കണക്കിൽനിന്ന് മായ്ച്ചു കളയുന്നു. അഥവാ അതിന്റെ ഉത്തരവാദിത്തത്തിൽനിന്ന് അവരെ മുക്തരാക്കുന്നു. എത്ര നല്ല സന്മാർഗിയായാലും ചില കർമങ്ങൾ അറിയാതെ പിഴച്ചുപോവുകയും ചിലത് മോശമായ അനന്തര ഫലങ്ങളുളവാക്കുകയും ചെയ്തിരിക്കും. അത്തരം കർമദോഷങ്ങളിൽനിന്ന് മോചിപ്പിക്കപ്പെടുക എന്നതുതന്നെ വലിയൊരനുഗ്രഹമാണ്. അതുപോലെ ചില കർമങ്ങൾ അവർ കരുതിയതിലേറെ വിശിഷ്ടമായിരിക്കും. അത് മഹത്തായ അനന്തര ഫലങ്ങൾ സൃഷ്ടിക്കുകയും ചെയ്തിരിക്കും. കർത്താക്കൾ മനസ്സിലാക്കിയിരുന്നെങ്കിലും ഇല്ലെങ്കിലും അല്ലാഹു അതിന്റെ മൂല്യവും മഹത്വവും മാനിച്ചുകൊണ്ടാണ് കർമഫലം നൽകുക. മനുഷ്യൻ കർമമനുഷ്ഠിക്കുന്നത് അതിന്റെ ക്ഷണിക ഫലത്തിനപ്പുറം പരലോകത്ത് അത് പ്രദാനം ചെയ്യുന്ന അനശ്വരമായ സൽഫലങ്ങൾ കൂടി പ്രതീക്ഷിച്ചുകൊണ്ടായിരിക്കണം എന്ന ധ്വനിയും ഈ വചനത്തിലുണ്ട്. ●

---

أَلَيْسَ ٱللَّهُ بِكَافٍ عَبْدَهُۥ ۖ وَيُخَوِّفُونَكَ بِٱلَّذِينَ مِن دُونِهِۦ ۚ وَمَن يُضْلِلِ ٱللَّهُ فَمَا لَهُۥ مِنْ هَادٍ ﴿٣٦﴾

36. അല്ലാഹു അവന്റെ ദാസന് മതിയായ രക്ഷകനല്ലെന്നോ? ഇക്കൂട്ടർ അവനല്ലാത്തവരെ ചൂണ്ടി നിന്നെ ഭീഷണിപ്പെടുത്തുന്നുവല്ലോ! അല്ലാഹു വഴിതെറ്റിക്കുന്നവനെ പിന്നെ മാർഗദർശനം ചെയ്യാനാരുമില്ല.

وَمَن يَهْدِ ٱللَّهُ فَمَا لَهُۥ مِن مُّضِلٍّ ۗ أَلَيْسَ ٱللَّهُ بِعَزِيزٍ ذِى ٱنتِقَامٍ ﴿٣٧﴾

37. അല്ലാഹു മാർഗദർശനം ചെയ്യുന്നവനോ, അവനെ പിന്നെ വഴിതെറ്റിക്കാനും ആരുമില്ല. അല്ലാഹു തിരിച്ചടിക്കാൻ കഴിവുള്ള അജയ്യനല്ലെന്നോ?

**36,37**

أَلَيْسَ اللَّهُ بِكَافٍ = അല്ലാഹു മതിയായ(രക്ഷക)വൻ അല്ലെന്നോ? عَبْدَهُ = തന്റെ ദാസന് (സംരക്ഷിക്കാൻ)

وَيُخَوِّفُونَكَ = (വല്ലോ) അവർ (ഇക്കൂട്ടർ) നിന്നെ ഭയ(ഭീഷണി)പ്പെടുത്തുന്ന

بِالَّذِينَ مِن دُونِهِ = അവനല്ലാത്തവരെ(ചൂണ്ടി)ക്കൊണ്ട് وَمَن يُضْلِلِ اللَّهُ = അല്ലാഹു വഴിതെറ്റിക്കുന്നവനെ

فَمَا لَهُ مِنْ هَادٍ = (അവനെ പിന്നെ മാർഗദർശനം ചെയ്യാൻ ആരുമില്ല) അവന് യാതൊരു മാർഗദർശകനും ഇല്ല

وَمَن يَهْدِ اللَّهُ = (നോ) അല്ലാഹു മാർഗദർശനം ചെയ്യുന്നവൻ

فَمَا لَهُ مِن مُّضِلٍّ = ആരുമില്ല അവന്(നെ) പിന്നെ വഴിതെറ്റി(ക്കാനും)ക്കുന്നവനും أَلَيْسَ اللَّهُ = അല്ലാഹു അല്ലെന്നോ

بِعَزِيزٍ = അജയ്യൻ ذِي انتِقَامٍ = (തിരിച്ചടിക്കാൻ കഴിവുള്ള) പ്രതികാരമുടയവനായ

പ്രവാചകനെ കൊന്നുകളയാൻ വിഗ്രഹാരാധകർ രഹസ്യമായി ആലോചിക്കുമ്പോൾ തന്നെ ബഹുദൈവങ്ങളുടെ ഊറ്റവും ശക്തിയും പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ചെയ്യാറുണ്ടായിരുന്നു: നീ ഞങ്ങളുടെ ദൈവങ്ങളെ അനാദരിക്കുന്നതും വിമർശിക്കുന്നതും തുടരുകയാണെങ്കിൽ, നോക്കിക്കോ, നിന്നെ നശിപ്പിച്ചുകളയാൻ അവരുടെ ഒരു ശാപം മതി. വീര്യവും ശൗര്യവും തികഞ്ഞ ആ ദൈവങ്ങളെ ആക്ഷേപിക്കുന്നവരെ നാമം പോലും അവശേഷിക്കാത്തവണ്ണം തൂത്തെറിഞ്ഞുകളയും. ഈ ഭീഷണിക്ക് ഒരു വിലയും കൽപിക്കേണ്ടതില്ലെന്ന് പ്രവാചകനെ ഉപദേശിക്കുകയാണ്. പ്രവാചകനെയും കൂട്ടുകാരെയും രക്ഷിക്കാൻ തികച്ചും മതിയായവനാണ് അല്ലാഹു. أَلَيْسَ اللَّهُ بِكَافٍ عَبْدَهُ എന്ന വാക്യത്തിന്റെ ചോദ്യരൂപം അല്ലാഹു كَافٍ അല്ല എന്ന നിഷേധത്തിന്റെ നിഷേധത്തെ കുറിക്കുന്നതാണ്. كِفَايَة-ൽനിന്നുള്ള കർതൃപദമാണ് كَافٍ. ഒരു കാര്യത്തിനുള്ള യോഗ്യതയും പ്രാപ്തിയും മതിയാവലുമാണ് كِفَايَة. ഒരുവന്റെ സ്ഥാനത്തു നിൽക്കാൻ പര്യപ്തനായവൻ, അവന്റെ പ്രശ്നം പരിഹരിക്കാൻ യോഗ്യൻ, അയാളെ രക്ഷിക്കാൻ പോന്ന കഴിവുള്ളവൻ തുടങ്ങിയ അർഥങ്ങളിൽ كَاف എന്നു പറയും.

كَفَىٰ بِاللَّهِ حَسِيبا -വിചാരണ ചെയ്യാൻ എത്രയും മതിയായവനാണ് അല്ലാഹു. كَفَىٰ بِاللَّهِ وَكِيلا ഭരമേൽപിക്കാൻ യോഗ്യൻ അല്ലാഹുവാണ്. ശത്രുക്കളുടെ ദ്രോഹത്തിൽനിന്ന് പ്രവാചകനെ രക്ഷിക്കാൻ തികച്ചും കഴിവുള്ളവനാണ് അല്ലാഹു എന്ന അർഥത്തിൽ ഖുർആൻ يكفيكهم الله എന്നു പറയുന്നുണ്ട്. ഇതേ അർഥത്തിലാണ് ഇവിടെ كاف എന്നു പറഞ്ഞിരിക്കുന്നത്. എല്ലാ ദൈവദാസന്മാരെയും കുറിക്കുന്നതാണ് عبد എന്ന സാമാന്യ നാമം. ഈ സന്ദർഭത്തിൽ പ്രഥമമായി ഉദ്ദേശിക്കുന്ന عبد -അടിമ- മുഹമ്മദ്(സ) ആകുന്നു. അല്ലാഹു വഴിതെറ്റിക്കുക എന്നും അല്ലാഹു സന്മാർഗദർശനം നൽകുക എന്നും പറയുന്നതിന്റെ താൽപര്യം നേരത്തേ വിശദീകരിച്ചിട്ടുള്ളതാണ്.

വചനസാരം: പ്രവാചകാ, നിന്റെ സമുദായം അവരുടെ മിഥ്യാ ദൈവങ്ങളുടെ കോപവും ശിക്ഷയും പറഞ്ഞ് ഭീഷണിപ്പെടുത്തുന്നത് ഒട്ടും വില വെക്കേണ്ടതില്ല. അല്ലാഹു അവന്റെ ദാസന്മാരെ സഹായിക്കാനും സംരക്ഷിക്കാനും മതിയായവനല്ല എന്നാണ് ഈ മൂഢന്മാരുടെ വിചാരം. എന്നാൽ തന്റെ

ദാസന്മാരെ സംരക്ഷിക്കാൻ തികച്ചും മതിയായവൻ തന്നെയാണ് അല്ലാഹു. അവന്റെ ഹിതപ്രകാരമല്ലാതെ ആർക്കും ഒരു ദോഷവും ചെയ്യാൻ കഴിവുള്ളവരാരുമില്ല. ഒരാൾ തന്നെ രക്ഷിക്കാൻ അല്ലാഹു മാത്രം പോര, മറ്റു ചില രക്ഷകർ കൂടി വേണം എന്നു കരുതുന്നത് അല്ലാഹുവിനെ നിന്ദിക്കലാകുന്നു.

പ്രവാചകൻ പ്രബോധനം ചെയ്യുന്ന ദൈവിക സന്ദേശങ്ങൾ തള്ളിക്കളഞ്ഞ് പൈശാചിക ദുർബോധനങ്ങൾ പിന്തുടരാൻ തീരുമാനിച്ചവർ പൈശാചിക മാർഗത്തിൽ സഞ്ചരിക്കാൻ വിധിക്കപ്പെട്ടിരിക്കുന്നു. ആ വിധി ബാധകമായവരുടെ ജൽപനങ്ങളായേ ഇക്കൂട്ടരുടെ ഭീഷണിയെ കാണേണ്ടതുള്ളൂ. അത്തരക്കാരെ പ്രവാചകനെന്നല്ല ആർക്കും നേർവഴിക്കു നയിക്കാനാവില്ല. പൈശാചിക പ്രേരണകൾ അവഗണിച്ച് സദ്ബോധത്താൽ പ്രചോദിതരായി സത്യമന്വേഷിക്കുന്നവരേ പ്രവാചക സന്ദേശത്തിന്റെ സത്യം മനസ്സിലാക്കുകയും സന്മാർഗം സ്വീകരിക്കുകയുമുള്ളൂ. അവരാണ് അല്ലാഹുവിന്റെ മാർഗദർശനം സിദ്ധിച്ചവർ. അവരെ വഴിതെറ്റിക്കാൻ ആർക്കും കഴിയില്ല.

أَلَيْسَ اللَّهُ بِعَزِيزٍ ذِي انتِقَامٍ 'അല്ലാഹു അവന്റെ ദാസരെ രക്ഷിക്കാൻ മതിയായവനല്ലയോ' എന്ന വാക്യം أَلَيْسَ اللَّهُ بِكَافٍ عَبْدَهُ ത്തിന്റെ തുടർച്ചയാണ്. അവൻ തന്റെ ദാസന്മാരെ രക്ഷിക്കാൻ മതിയായവനല്ലെന്നാണെങ്കിൽ അതിനർഥം അവൻ അജയ്യനല്ല എന്നാണ്. അവനെ അതിജയിച്ചു നിൽക്കുന്ന മറ്റേതോ മഹാശക്തികളുണ്ട്. അവർ അവന്റെ അനുമതിയില്ലാതെ അവന്റെ ദാസന്മാർക്കിടയിൽ രക്ഷാ-ശിക്ഷാ നടപടികൾ നടത്തിക്കൊണ്ടിരിക്കുന്നുമുണ്ട്. അതൊന്നും പ്രതിരോധിക്കാനോ പ്രത്യാക്രമണം നടത്താനോ കഴിയാതെ നിസ്സഹായനായി നോക്കിയിരിക്കുകയാണവൻ. ഈ ധാരണയും വ്യക്തമായ ശിർക്കും കുഫ്റുമാകുന്നു. അല്ലാഹു അജയ്യൻ തന്നെയാണ്. അവനു തുല്യമോ ഉപരിയോ ഒരു ശക്തിയുമില്ല. തനിക്കെതിരായ നീക്കങ്ങൾ തടയാനും തിരിച്ചടിക്കാനും മതിയായ കഴിവുള്ളവനുമാണവൻ. അതിനാൽ അടിമകൾക്ക് തങ്ങളെ പൂർണമായി അവനിൽ ഭരമേൽപിക്കാം. എല്ലാ വിപത്തുകളിൽനിന്നും അവൻ തന്നെ അവരെ സംരക്ഷിച്ചുകൊള്ളും. ●

---

وَلَئِن سَأَلْتَهُم مَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ لَيَقُولُنَّ اللَّهُ ۚ قُلْ أَفَرَأَيْتُم مَّا تَدْعُونَ مِن دُونِ اللَّهِ إِنْ أَرَادَنِيَ اللَّهُ بِضُرٍّ هَلْ هُنَّ كَاشِفَاتُ ضُرِّهِ أَوْ أَرَادَنِي بِرَحْمَةٍ هَلْ هُنَّ مُمْسِكَاتُ رَحْمَتِهِ ۚ قُلْ حَسْبِيَ اللَّهُ ۖ عَلَيْهِ يَتَوَكَّلُ الْمُتَوَكِّلُونَ ﴿٣٨﴾

38. പ്രവാചകൻ ഈ ജനത്തോടു ആകാശഭൂമികൾ സൃഷ്ടിച്ചതാരാണെന്ന് ചോദിച്ചു നോക്കിയാൽ തീർച്ചയായും അവർ പറയും, അത് അല്ലാഹുവാണെന്ന്. ഇനിയും ചോദിക്കുക: അല്ലാഹുവിനെ കൂടാതെ നിങ്ങൾ പ്രാർഥിക്കുന്നവരെക്കുറിച്ച് ആലോചിച്ചു നോക്കിയിട്ടുണ്ടോ? അല്ലാഹു എനിക്കൊരു ദുരിതം വിധിച്ചാൽ ആ ദൈവങ്ങൾ അതു ദുരീകരിച്ചു തരുമോ? അല്ലെങ്കിൽ അവൻ എനിക്കൊരനുഗ്രഹം വിധിച്ചാൽ അതു തടഞ്ഞുനിർത്താൻ അവർക്കാകുമോ? പ്രവാചകൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുക: എനിക്ക് രക്ഷകനായി അല്ലാഹു തന്നെ മതി. ഭരമേൽപിക്കുന്നവർ ഭരമേൽപിക്കേണ്ടത് അവനിൽ മാത്രമാകുന്നു.

**38**

وَلَئِن سَأَلْتَهُم = നീ (പ്രവാചകൻ) ഈ ജനത്തോടു ചോദിച്ച് നോക്കിയാൽ
مَّنْ خَلَقَ السَّمَاوَاتِ وَالْأَرْضَ = ആകാശഭൂമികളെ സൃഷ്ടിച്ചതാരാണെന്ന്
لَيَقُولُنَّ = തീർച്ചയായും അവർ പറയും اللَّهُ = (അത്) അല്ലാഹു (ആണെന്ന്)
قُلْ = നീ പറയുക (ഇനിയും ചോദിക്കുക) أَفَرَأَيْتُم = നിങ്ങൾ കണ്ടുവോ (ചിന്തിച്ചു നോക്കിയിട്ടുണ്ടോ?)
مَّا تَدْعُونَ مِن دُونِ اللَّهِ = അല്ലാഹുവിനെ കൂടാതെ നിങ്ങൾ പ്രാർഥിക്കുന്ന(വരെക്കുറിച്ച്)തെന്താണെന്ന്
إِنْ أَرَادَنِيَ اللَّهُ = അല്ലാഹു എനിക്കു ഉദ്ദേശിച്ചാൽ (വിധിച്ചാൽ) بِضُرٍّ = ഒരു ദുരിതം
هَلْ هُنَّ كَاشِفَاتُ ضُرِّهِ = അവകൾ അവന്റെ ദുരിതം നീക്കുന്നവരാണോ (ആ ദൈവങ്ങൾ അതു ദൂരീകരിച്ചുതരുമോ)
أَوْ أَرَادَنِي بِرَحْمَةٍ = അല്ലെങ്കിൽ അവൻ എനിക്ക് ഒരു അനുഗ്രഹം ഉദ്ദേശിച്ചാൽ (വിധിച്ചാൽ)
هَلْ هُنَّ مُمْسِكَاتُ رَحْمَتِهِ = അവകൾ അവന്റെ അനുഗ്രഹം പിടിച്ചുനിർത്തുന്നവരാണോ (അത് തടഞ്ഞുനിർത്താൻ അവർക്കാകുമോ?)
قُلْ = നീ പറയുക (പ്രവാചകൻ അസന്ദിഗ്ധമായി പ്രഖ്യാപിക്കുക) حَسْبِيَ اللَّهُ = എനിക്കു (രക്ഷകനായി) അല്ലാഹു (തന്നെ) മതി
عَلَيْهِ يَتَوَكَّلُ = അവനിൽ മാത്രം(മാകുന്നു) ഭരമേൽപിക്കേണ്ടത്) الْمُتَوَكِّلُونَ = ഭരമേൽപിക്കുന്നവർ

സൂക്തത്തിന്റെ ആദ്യഖണ്ഡം ഉദ്ധരിക്കുന്ന ചോദ്യവും ഉത്തരവും ഇതേ വാക്കുകളിൽ നേരത്തേ 29:61-ലും 31:25-ലും വന്നിട്ടുള്ളതാണ്. ഇവിടെ ഈ ചോദ്യവും ഉത്തരവും ആവർത്തിച്ചതിന് രണ്ടു താൽപര്യമുണ്ട്. വിഗ്രഹാരാധകർ പുലർത്തുന്ന വിശ്വാസപരമായ വൈരുധ്യം ചൂണ്ടിക്കാണിക്കുകയാണ് ഒന്ന്. ഈ ആകാശഭൂമികൾ-പ്രപഞ്ചം സൃഷ്ടി

ച്ചതാരാണെന്ന് ചോദിച്ചാൽ അവർ നിസ്സങ്കോചം മറുപടി പറയും, അത് അല്ലാഹു -സാക്ഷാൽ ദൈവം, പരമേശ്വരൻ- ആണെന്ന്. അപ്പോൾ യഥാർഥ സ്രഷ്ടാവ് ഏകനായ അല്ലാഹുവാണെന്ന് അവർക്കറിയാം. സ്രഷ്ടാവ് അല്ലാഹു ആയിരിക്കുന്നതിന്റെ അനിവാര്യതയാണ് പ്രപഞ്ചപരിപാലകനും, സൃഷ്ടികൾക്ക് വിധിവിലക്കുകൾ നൽകാൻ അധികാരമുള്ളവനും സൃഷ്ടികളുടെ അനുസരണത്തിനും ആരാധനക്കും അർഹനും അവൻ മാത്രമായിരിക്കുക എന്ന സത്യം. ആലോചനാ ശേഷിയുള്ളവർക്ക് അനായാസം മനസ്സിലാക്കാവുന്നതേയുള്ളൂ ഇത്. പ്രപഞ്ചത്തിന്റെ ഉടമസ്ഥതയും ഭരണവും സൃഷ്ടികളുടെ വണക്കവുമൊക്കെ മറ്റുള്ളവർക്കാണെങ്കിൽ ആ മറ്റുള്ളവർക്കുവേണ്ടി പ്രപഞ്ചം സൃഷ്ടിച്ചുകൊടുക്കുന്ന ഒരു തൊഴിലാളി മാത്രമാണവനെന്നാണല്ലോ വരിക. അങ്ങനെയെങ്കിൽ സാക്ഷാൽ ദൈവം- അല്ലാഹു- പ്രപഞ്ചത്തിന്റെ ഉടമയും പരമാധികാരിയുമല്ല, സർവശക്തനുമല്ല. ഈ ഗുണങ്ങളാകട്ടെ ദിവ്യത്വത്തിന്റെ അനിവാര്യതകളുമാണ്. അതാണ് നേരത്തേ സൂചിപ്പിച്ചത്; ബഹുദൈവത്വത്തിന്റെ അംഗീകാരം യഥാർഥ ദൈവത്തിന്റെ നിഷേധമാണെന്ന്. ഈ വൈരുധ്യം പരിഹരിക്കാൻ കണ്ടെത്തുന്ന വ്യാഖ്യാനം അല്ലാഹു അവന്റെ ദിവ്യത്വത്തിൽ സ്വയം പങ്കാളികളാക്കിയവരാണ് ബഹുദൈവങ്ങൾ എന്നാണ്. പ്രപഞ്ചഭരണത്തിന്റെ പല വകുപ്പുകൾ പല ദൈവങ്ങൾക്ക് ഏൽപിച്ചുകൊടുത്തിരിക്കുകയാണ്. ഈ വകുപ്പുദ്യോഗസ്ഥരെ പ്രീതിപ്പെടുത്തിയാൽ അവർ നമ്മെ പരമേശ്വരനോടടുപ്പിക്കും. അവരുടെ കഴിവുകൊണ്ട്, അല്ലെങ്കിൽ അവരുടെ ശിപാർശകൊണ്ട് നമ്മുടെ ആവശ്യങ്ങളൊക്കെ നിവർത്തിച്ചുകിട്ടും. ദിവ്യത്വം അല്ലാഹു സ്വമേധയാ പരദൈവങ്ങൾക്കു പങ്കുവെച്ചതായാലും പരദൈവങ്ങൾ അവനിൽനിന്ന് തട്ടിപ്പറിച്ചെടുത്തതായാലും അതോടെ അവന്റെ പരമാധികാരവും ഉടമസ്ഥതയും കുറഞ്ഞുപോകുന്നുവെന്ന പ്രശ്നം അപ്പോഴും മുഴച്ചുനിൽക്കുന്നു. ഈ ഉദ്യോഗസ്ഥ നിയമനവും വകുപ്പു വിഭജനവും സ്ഥിരീകരിക്കുന്ന പ്രമാണമെന്ത് എന്ന ചോദ്യവും പ്രധാനമാണ്.

വാസ്തവത്തിൽ അല്ലാഹു തന്നെയാണ് പ്രപഞ്ചത്തിന്റെ ഉടമയും പരമാധികാരിയും എന്ന യാഥാർഥ്യം അവർക്കു നിഷേധിക്കാനാവില്ല. അവരോടു ചോദിച്ചുനോക്കൂ; അല്ലാഹു എനിക്ക് ഒരു ദുരിതം ബാധിക്കണമെന്നുദ്ദേശിച്ചാൽ അതു നീക്കിത്തരാൻ, അല്ലെങ്കിൽ ഒരനുഗ്രഹം അരുളാനുദ്ദേശിച്ചാൽ, അനുഗ്രഹം നിഷേധിക്കാൻ നിങ്ങൾ പ്രാർഥിക്കുന്ന ബഹുദൈവങ്ങൾക്കു സാധിക്കുമോ? സാധിക്കും എന്ന് അവർ പറയില്ല. കാരണം സകല സംഗതികളുടെയും ആത്യന്തികമായ അധികാരം അല്ലാഹുവിന്റെ ഹസ്തങ്ങളിൽ മാത്രമാണെന്ന് അവർക്ക് അറിയാം. ഈ അറിവിന് വിരുദ്ധമായിട്ടാണവർ അല്ലാഹുവിനെ വെടിഞ്ഞ് ഇതര ദൈവങ്ങളെ പ്രാർഥിക്കുന്നത്. അടിസ്ഥാനപരമായി രക്ഷിക്കാനോ ശിക്ഷിക്കാനോ കഴിവില്ലാത്തവരെന്ന് അവർ തന്നെ സമ്മതിക്കുന്നവരുടെ ശാപവും കോപവും പറഞ്ഞാണ് അവർ പ്രവാചകനെ ഭീഷണിപ്പെടുത്തുന്നത്. പ്രവാചകൻ അവരോട് പറയുക: നിങ്ങളുടെ വ്യാജ ദൈവങ്ങൾ എന്നെ ശപിക്കുകയോ ശിക്ഷിക്കുകയോ എന്തുവേണമെങ്കിലും ചെയ്യട്ടെ. ഞാൻ അവയെ ഭയപ്പെടുകയോ അവരുടെ കാരുണ്യം തേടുകയോ ചെയ്യുന്നില്ല. എന്റെ കൂടെ പ്രപഞ്ചനാഥനായ അല്ലാഹുവുണ്ട്. എനിക്ക് അവന്റെ സംരക്ഷണം മാത്രം മതി. എന്റെ എല്ലാ കാര്യങ്ങളും ഞാൻ അവനിൽ സമർപ്പിച്ചിരിക്കുന്നു. ആരിലെങ്കിലും ഭരമേൽപിക്കാനാഗ്രഹിക്കുന്നവർ അവനിൽ മാത്രമാണ് ഭരമേൽപിക്കേണ്ടത്.

മുൻസൂക്തത്തിൽ 'അല്ലാഹു വഴിതെറ്റിക്കുന്നവർ' -مَن يُضْلِلِ اللَّهُ- എന്ന് വിശേഷിപ്പിക്കപ്പെട്ടവരാണെന്ന് വ്യക്തമാക്കുകയാണ് ഈ സൂക്തത്തിന്റെ രണ്ടാമത്തെ താൽപര്യം. അല്ലാഹു മാത്രമാണ് പ്രപഞ്ചത്തിന്റെ സ്രഷ്ടാവെന്നും രക്ഷാശിക്ഷകൾ വിധിക്കാൻ കഴിയുന്നവനെന്നും അവനെ മറികടന്ന് ആർക്കും ആരെയും ഒന്നും ചെയ്യാൻ കഴിയില്ലെന്നും അറിഞ്ഞുകൊണ്ടുതന്നെ ബഹുദൈവാരാധന സ്വീകരിച്ചവരാണവർ. അല്ലാഹു അരുളിയ പ്രകൃതിപരമായ സത്യബോധത്തെ സ്വയം തമസ്കരിച്ച് പൈശാചിക ദുർബോധനങ്ങളെ പിന്തുടരുന്നവർ. അവർ ദുർമാർഗത്തിനു വിധിക്കപ്പെട്ടവരാകുന്നു. പ്രവാചകനും വിശ്വാസികൾക്കുമെതിരെ അവരുയർത്തുന്ന മിഥ്യാ ഭീഷണികൾ ആ മാർഗഭ്രംശത്തിന്റെ ഭാഗമാണ്.

അല്ലാഹുവിന്റെ സംരക്ഷണത്തെക്കുറിച്ച് പ്രവാചകനുണ്ടായിരുന്ന അചഞ്ചലമായ വിശ്വാസത്തെ സാക്ഷ്യപ്പെടുത്തുന്ന അനേകം സംഭവങ്ങൾ അദ്ദേഹത്തിന്റെ ചരിത്രത്തിൽ കാണാം. ഒരു ഉദാഹരണം: ഒരു യാത്രക്കിടെ പ്രവാചകൻ ഒരു മരച്ചുവട്ടിൽ വിശ്രമിച്ചപ്പോൾ തന്റെ കരവാൾ ആ മരത്തിൽ തൂക്കിയിട്ടു. വിശ്രമത്തിനിടെ അദ്ദേഹം ഉറങ്ങിപ്പോയി. ഈ സമയത്ത് അവിടെയെത്തിയ അവിശ്വാസിയും നിർദയനുമായ ഒരു ഗ്രാമീണൻ ആ വാൾ കൈവശപ്പെടുത്തി. അതിനിടെ പ്രവാചകൻ ഉണർന്നപ്പോൾ ഗ്രാമീണൻ വാളുയർത്തിപ്പിടിച്ച് അദ്ദേഹത്തോടു ചോദിച്ചു. 'ഹേ, മുഹമ്മദ് ഇപ്പോൾ നിന്നെ ആരു രക്ഷിക്കും?' നബി ഒട്ടും പരിഭ്രമിക്കാതെ ശാന്തമായി പ്രതികരിച്ചു: 'അല്ലാഹു രക്ഷിക്കും.' ഇതുകേട്ട ഗ്രാമീണൻ സ്തബ്ധനായി. അയാളുടെ കൈകളിൽനിന്ന് വാൾ താഴെ വീണു. അത് കൈയിലെടുത്ത പ്രവാചകൻ അയാളോട് ചോദിച്ചു: 'ഇപ്പോൾ നിങ്ങളെ ആരാണ് രക്ഷിക്കുക?' അയാളുടെ മറുപടി ഇങ്ങനെയായിരുന്നു: 'അങ്ങയെ രക്ഷിച്ച അല്ലാഹുവല്ലാതെ എന്നെ രക്ഷിക്കാനാരുമില്ല. ആ അല്ലാഹുവിലും അവൻ എന്നിലേക്കയച്ച അങ്ങയിലും ഞാനിതാ വിശ്വസിച്ചിരിക്കുന്നു.'

ആദ്യകാലത്ത് ഖുറൈശികൾ പ്രവാചകനെ അപായപ്പെടുത്തുമെന്നാശങ്കിച്ച് ചില ശിഷ്യന്മാർ അദ്ദേഹത്തിനു കാവൽ നിന്നിരുന്നു. ഒരു ദിവസം തിരുമേനി അവരോട് പിരിഞ്ഞുപോകാനാവശ്യപ്പെട്ടു. മേലിൽ തനിക്കു കാവൽ നിൽക്കുന്നത് വിലക്കുകയും ചെയ്തു. ഈ ചരിത്രവുമായി ബന്ധപ്പെട്ട ഒരു സംഭവം അല്ലാമാ ശഅ്റാവി തന്റെ തഫ്സീറിൽ ഉദ്ധരിക്കുന്നുണ്ട്: നബിചരിത്രം വായിച്ച ഒരു ഡാനിഷ് വനിതയെ പ്രവാചകൻ ചരിത്രത്തിൽ ചാർത്തിയ മായാത്ത മുദ്രകളും ആഗോളക്രമത്തിൽ വരുത്തിയ വിപ്ലവങ്ങളും വല്ലാതെ സ്വാധീനിച്ചു. മേലുദ്ധരിച്ച സംഭവവും ഖുർആനിലെ وَاللَّهُ يَعْصِمُكَ مِنَ النَّاسِ (ജനത്തിന്റെ ദ്രോഹത്തിൽനിന്ന് നിന്നെ -പ്രവാചകനെ- അല്ലാഹു രക്ഷിച്ചുകൊള്ളും - 5:67) എന്ന സൂക്തവും ഈ സൂറയിലെ أَلَيْسَ اللَّهُ بِكَافٍ عَبْدَهُ (39:36) എന്ന വാക്യവും വായിച്ച് അവർ പറഞ്ഞു: 'ദൈവത്താണ, മുഹമ്മദ് ഇതു ചെയ്തത് തന്റെ നാഥന്റെ സംരക്ഷണത്തിൽ അദ്ദേഹത്തിനുള്ള അചഞ്ചലമായ വിശ്വാസം കൊണ്ടുതന്നെയാണ്. ഒരാൾ ജനങ്ങളെ മുഴുവൻ വഞ്ചിച്ചാലും സ്വന്തം മനസ്സിനെ വഞ്ചിക്കുകയില്ലല്ലോ.' ഈ വിചാരം അവരെ സത്യവിശ്വാസത്തിലെത്തിച്ചു. ●